പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3392** **18.02.2013 ൽ മറുപടിയ്ക്ക്**

## വരൾച്ചയെത്തുടർന്ന് കൃഷി നാശം

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) കഴിഞ്ഞ ആറുമാസത്തിനകം വരൾച്ചയെത്തുടർന്ന് സംസ്ഥാനത്ത് എത്ര തുകയുടെ കൃഷി നാശം സംഭവിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വെളിപ്പെടുത്താമോ; | (എ) 2012 ജൂൺ മാസം മുതൽ സംസ്ഥാനത്തുണ്ടായ വരൾച്ചയെത്തുടർന്ന് 3219.78 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുള്ളതായി കണക്കാക്കുന്നു. (ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.) |
| (ബി) ഏതെല്ലാം വിളകൾക്കാണ് നാശം സംഭവിച്ചതെന്ന് വിശദമാക്കാമോ; | (ബി) നെല്ല്, വാഴ, പച്ചക്കറി, തെങ്ങ്, കമുക്, മരച്ചീനി, കുരുമുളക്, ഏലം, ജാതി, കശുമാവ് തുടങ്ങിയ വിളകൾക്ക് നാശം സംഭവിച്ചിട്ടുണ്ട്. |
| (സി) വരൾച്ച നേരിടാൻ സംസ്ഥാന സർക്കാർ ഇതിനകം എന്തു തുക നീക്കിവെച്ചെന്നും എന്തുതുക ചെലവഴിച്ചെന്നും വിശദമാക്കാമോ;<br>(ഡി) കൃഷി നഷ്ടപ്പെട്ടവർക്ക് ഇതിനകം എന്തെങ്കിലും ആശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;<br>(ഇ) വരൾച്ച നേരിടാൻ കേന്ദ്ര സർക്കാർ ഇതിനകം എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ? | (സി), (ഡി) & (ഇ) വരൾച്ച നേരിടാൻ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് 85 കോടി രൂപ എല്ലാ ജില്ലകൾക്കുമായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള 1995 കോടി രൂപയുടെ വരൾച്ചാ ധനസഹായ അഭ്യർത്ഥന കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ജില്ല | കൃഷിനാശം ബാധിച്ച പ്രദേശം (ഹെക്ടറിൽ) | ബാധിച്ച കർഷകർ | കണക്കാക്കിയിട്ടുള്ള നഷ്ടം (രൂപയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 29935 | 26644 | 9,03,89,40,000 |
| കൊല്ലം | 1925.11 | 2312 | 25,06,29,400 |
| ആലപ്പുഴ | 33936 | 7550 | 3,01,38,00,000 |
| പത്തനംതിട്ട | 1780 | 252 | 57,99,00,000 |
| കോട്ടയം | 1267 | 520 | 5,06,80,000 |
| ഇടുക്കി | 4265.05 | 2773 | 38,33,58,600 |
| എറണാകുളം | 50 | 127 | 1,20,50,000 |
| തൃശ്ശൂർ | 890 | 120 | 3,56,00,000 |
| പാലക്കാട് | 7583 | 9453 | 68,40,40,000 |
| മലപ്പുറം | 2127 | 260 | 46,17,60,000 |
| കോഴിക്കോട് | 5 | 112 | 2,00,000 |
| വയനാട് | 63929 | 38125 | 17,66,01,55,000 |
| കണ്ണൂർ | 427.5 | 153 | 1,71,00,000 |
| കാസർഗോഡ് | 240 | 112 | 96,00,000 |
| **ആകെ** | **148359.7** | **88513** | **32,19,78,13,000** |

**സെക്ഷൻ ഓഫീസർ**